## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ

ചോദ്യം നമ്പർ. *90

28/09/2016-ൽ മറുപടിയ്ക്ക്.

### പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എസ്. രാജേന്ദ്രൻ<br>ശ്രീ. ജെയിംസ് മാത്യു.<br>ശ്രീ.സി.കെ ശശീന്ദ്രൻ<br>ശ്രീ. ഐ.ബി . സതീഷ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിതീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെൻറ് പ്രോഗ്രാം, ഇൻഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധന സഹായം, പാൽഗുണനിലവാരം മെച്ചപ്പെട്ടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിതസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത് . കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീര മേഖലയിൽ സ്വയം പര്യാപ്തത നേടുന്നതിനു വേണ്ടി സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീര മേഖലയെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിയ്ക്കാൻ മിൽമയുടെ മേഖലാ യൂണിയനുകളും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ക്ഷീര കർഷകർക്ക് പാലിന് ന്യായമായ വിലയും മിതമായ വിലയ്ക്ക് കാലിത്തീറ്റയും ലഭ്യമാക്കാൻ നടപടിയുണ്ടാകുമോ ; | (ബി) | ക്ഷീരകർഷകർക്കുണ്ടാകുന്ന ഉല്പാദനചെലവ് സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും നിലവിലുള്ള പാലിന്റെ സംഭരണ വില്പന വിലകൾ, ഉപഭോക്തൃ വില്പന വിലയും വിപണിയിലെ മത്സരവും തുടങ്ങി വിവിധ കാര്യങ്ങൾ പരിഗണിച്ച് കർഷകർക്ക് ഏറ്റവും പ്രയോജനപ്പെ.ടുന്ന രീതിയിലാണ് പാലിന്റെ സംഭരണ വില നിശ്ചയിക്കുന്നത് . ഇന്ന് രാജ്യത്ത് പാലിന് ഏറ്റവും കൂടുതൽ സംഭരണ വില നൽകുന്നത് കേരളത്തിലാണ്. ക്ഷീരകർഷകരുടെ ഉല്പാദനചെലവ് കുറയ്ക്കുന്നതിനു വേണ്ടി സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ ഉരുക്കൾക്കാവശ്യമുള്ള ധാതുലവണ മിശ്രിതം വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും ക്ഷീരകർഷകർക്ക് സംഘം മുഖേന വിതരണം നടത്തിവരുന്നു. |
| (സി) | ക്ഷീര വിപണന സംഘങ്ങളെ കൂടുതൽ കാര്യക്ഷമമാക്കിയും ചെലവ് ചുരുക്കിയും ആയതിന്റെ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ ? | (സി) | ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൃത്യമായും വാർഷിക പൊതുയോഗം കൂടുകയും മുൻവർഷത്തിലെ വരവ് ചെലവ് കണക്ക് ചർച്ച ചെയ്ത് അംഗീകരിക്കുകയും ലാഭവിഭജനം നടത്തി കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ക്ഷീരസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ കൃത്യമായ പരിശോധന നടത്തി കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുകയും ചെയ്യുന്നു. ക്ഷീരസംഘങ്ങൾ മുഖേന പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാൽ അളവിന് ആനുപാതികമായി ഇൻസെന്റീവ് നൽകി വരുന്നു. ക്ഷീരസംഘം ജീവനക്കാരുടെയും പ്രതിമാസ അവലോകന യോഗവും ക്ഷീരസംഘം ഭരണസമിതി അംഗങ്ങളുടെ ത്രൈമാസ അവലോകന യോഗവും ജില്ലാതലത്തിൽ വാർഷിക അവലോകന യോഗവും നടത്തി ക്ഷീരസംഘം പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നുണ്ട്. ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരസംഘങ്ങൾക്ക് താഴെപറയുന്ന ധന സഹായങ്ങൾ നൽകുന്നുണ്ട്.<br><br>1) പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കർഷക പരിശീലന പരിപാടികൾ<br>2) പുതുതായി രജിസ്ററർ ചെയ്യുന്ന സംഘങ്ങൾക്ക് പ്രവർത്തന സഹായം<br>3) പ്രവർത്തന രഹിതമായ ക്ഷീരസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ സഹായം |

4) പാൽ സംഭരണ മുറികളുടെ നിർമ്മാണം /പുനരുദ്ധാരണം

5) ക്ഷീര സഹകരണ സംഘങ്ങൾക്ക് അവശ്യാധിഷ്ഠിത സഹായം.

6) ക്ഷീര സഹകരണ സംഘങ്ങൾക്ക് ബി.എം.സി യൂണിറ്റ് (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കുന്നതിനുള്ള സഹായം

7) കർഷകർക്ക് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെൻറർ

8) ക്ഷീരസംഘം ജീവനക്കാർക്ക് ഭക്ഷ്യ സുരക്ഷ പരിശീലനം

9) മിൽക്ക് റൂട്ടുകളിലേയ്ക്ക് പാൽ എത്തിക്കുന്നതിനുള്ള സഹായം

സെക്ഷൻ ഓഫീസർ.